**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**വിജ്ഞാപനം**

**KEAM -2025**

**എഞ്ചിനീയറിംഗ് കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്, ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

2025 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റും ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**അലോട്ട്മെന്റ് മെമ്മോ, ഡാറ്റാ ഷീറ്റ്**

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹോം പേജിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ ലഭ്യമാകുന്ന അലോട്ട്മെന്റ് മെമ്മോ പിന്നീട് ലഭ്യമാകുന്നതല്ല. ആയതിനാൽ അലോട്ട്മെന്റ് മെമ്മോയുടെ പകർപ്പ് വിദ്യാർത്ഥികൾ പിന്നീടുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ 'Data Sheet' എന്ന മെനു ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് ഡാറ്റാ ഷീറ്റ്, അലോട്ട്മെന്റ് മെമ്മോ എന്നിവയും പ്രോസ്പെക്ടസ് ക്ലോസ് 11.7.1 -ൽ പറഞ്ഞിരിക്കുന്ന ബാധകമായ രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

**ഫീസ്**

അലോട്ട്മെന്റ് പ്രകാരം എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് 31.07.2025 **മുതൽ** 04.08.2025 **ഉച്ചക്ക്** 2.00 **മണി വരെ** ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കിയതിനുശേഷം 04.08.2025 **വൈകുന്നേരം** 3.00 **മണിക്കുള്ളിൽ** പ്രവേശനം നേടേണ്ടതുമാണ്.

ആർക്കിടെക്ചർ കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ്

**31.07.2025 മുതൽ 04.08.2025 ഉച്ചയ്ക്ക് 2.00 മണിയ്ക്കുള്ളിൽ** ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കിയതിനുശേഷം **04.08.2025 വൈകുന്നേരം 3.00 മണിക്കുള്ളിൽ** പ്രവേശനം നേടേണ്ടതുമാണ്. പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

എഞ്ചിനീയറിംഗ് കോഴ്സിന് ഒന്നാംഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് രണ്ടാംഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടയ്ക്കേണ്ടതുണ്ടെങ്കിൽ മുകളിൽ പറഞ്ഞ പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ ഒടുക്കേണ്ടതും നിർദ്ദിഷ്ട സമയത്തിനുള്ളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതുമാണ്. കോളേജുകളിൽ ഒടുക്കേണ്ട ഫീസ് പ്രവേശന സമയത്ത് വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഒടുക്കേണ്ടതാണ്.

**<u>നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക (ബാധകമെങ്കിൽ) ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി എഞ്ചിനീയറിംഗ് കോഴ്സുകളിൽ ( ഒന്നാംഘട്ടത്തിലെ അലോട്ട്മെന്റിൽ തുടരുന്നവർ ഉൾപ്പെടെ ) പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.</u>**

**<u>പ്രവേശനത്തിനുള്ള സമയക്രമം</u>**

നിലവിൽ എഞ്ചിനീയറിംഗ് കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും (ഒന്നാംഘട്ടത്തിലെ അലോട്ട്മെന്റിൽ തുടരുന്നവർ ഉൾപ്പെടെ), ആർക്കിടെക്ചർ കോഴ്സിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോ പ്രകാരമുള്ള കോളേജുകളിൽ **31.07.2025 മുതൽ 04.08.2025 വൈകുന്നേരം 3 മണിക്കകം** പ്രവേശനം നേടിയിരിക്കേണ്ടതാണ്. എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ പ്രവേശനം നേടേണ്ട തീയതിയും സമയവും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഷെഡ്യൂൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സമയക്രമം പാലിക്കുന്നത് അഡ്മിഷൻ പ്രവർത്തികൾ കൃത്യതയോടെ നടത്തുന്നതിന് വേണ്ടിയാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ട തീയതിയും സമയവും അറിയുന്നതിനായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് നിർബന്ധമായും സന്ദർശിക്കേണ്ടതാണ്. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ ടി സമയക്രമം കൃത്യമായി പാലിക്കപ്പെടാൻ സാധിക്കാത്ത പക്ഷം അവസാനതീയതിക്ക് മുൻപേയുള്ള മറ്റു സമയക്രമങ്ങളിൽ അഡ്മിഷൻ നേടാവുന്നതുമാണ്.

**<u>മൂന്നാംഘട്ട അലോട്ട്മെന്റ്</u>**

എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിന് പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യം ലഭ്യമാകുന്നതാണ്.

എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള അടുത്ത ഘട്ടവുമായി ബന്ധപ്പെട്ട വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

അറിയിപ്പുകൾക്കായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30-07-2025

Signed by
Arun S Nair
Date: 30-07-2025 18:04:07